പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 265 **29-10-2026-ൽ മറുപടിയ്ക്ക്**

തൊഴിൽ സാധ്യതയുള്ള പുതിയ കോഴ്സുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. അബിൻ വർക്കി കോടിയാട്ട്	ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. അൻവർ സാദത്ത്	(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ്
ശ്രീ. നാട്ടകം സുരേഷ്	മന്ത്രി)
ശ്രീ. സെബാസ്റ്റ്യൻ. എം. ജെ	

(എ) വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം തൊഴിൽ സാധ്യതകൾക്ക് അനുയോജ്യമാക്കുന്നതിനായി പുതിയ കോഴ്സുകൾ ആരംഭിക്കാനും നിലവിലുള്ള കോഴ്സുകൾ പരിഷ്കരിക്കാനും ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്. തൊഴിൽ വിപണിയുടെ മാറ്റങ്ങൾക്കനുസൃതമായി വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തെ കൂടുതൽ തൊഴിലധിഷ്ഠിതമാക്കുന്നതിന് നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് (NSQF) മാനദണ്ഡങ്ങൾ പാലിച്ച് നിലവിലുള്ള കോഴ്സുകൾ പരിഷ്കരിക്കുന്നതിനും, ആരോഗ്യമേഖല ഇൻഫർമേഷൻ ടെക്നോളജി, വെൽനസ് ആൻഡ് ടൂറിസം, റിന്യൂവബിൾ എനർജി തുടങ്ങിയ വളർന്നുവരുന്ന മേഖലകളിൽ പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിന് മുന്നോടിയായുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ്, തൊഴിൽ പരിശീലനം, മത്സരപരീക്ഷാ പരിശീലനം എന്നിവ നൽകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

മറുപടി: വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ്, മത്സര പരീക്ഷ പരിശീലനം എന്നിവ നൽകുന്നതിന് 1687 സർക്കാർ/എയിഡഡ് സ്കൂളുകളിൽ കരിയർ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഒരു അധ്യാപകന് കരിയർ ഗൈഡിന്റെ ചുമതലയും നൽകിയിട്ടുണ്ട്. പ്രായോഗിക തൊഴിൽ പരിശീലനത്തിനായി സ്കൂൾ ലബോറട്ടറികൾക്ക് പുറമെ, ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളിൽ നിർബന്ധിത ഓൺ-ദി-ജോബ് ട്രെയിനിങ്ങും (OJT) നൽകി വരുന്നു. പ്രവേശന പരീക്ഷകൾക്കും മത്സര പരീക്ഷകൾക്കും ആവശ്യമായ പരിശീലനങ്ങളും ബോധവൽക്കരണ ക്ലാസുകളും വിക്ടേഴ്സ് ചാനൽ, കരിയർ ക്ലബ്ബുകൾ എന്നിവയുടെ സഹായത്തോടെ നൽകുന്നുണ്ട്.

(സി) വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസ പ്രവേശനത്തിന് ആവശ്യമായ മാർഗനിർദേശവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന്

വ്യക്തമാക്കാമോ?

<u>മറുപടി:</u> വിദ്യാർത്ഥികളുടെ അഭിരുചിക്കും താൽപര്യത്തിനുമനുസരിച്ച് ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് ആവശ്യമായ മാർഗ്ഗനിർദേശം നൽകുന്നതിന് ഹയർസെക്കണ്ടറി തലത്തിൽ നടന്നുവരുന്ന കരിയർ ഗൈഡൻസ് പദ്ധതികൾ ചുവടെ ചേർക്കുന്നു:

1) DISHA - ഹയർ സെക്കൻഡറി പഠനത്തിന് ശേഷമുള്ള ഉപരിപഠന തൊഴിൽ മേഖലകളിലെ അനന്ത സാധ്യതകളെക്കുറിച്ച് കുട്ടികൾക്ക് വ്യക്തമായ അറിവ് നൽകുന്ന മെഗാ ഉന്നത വിദ്യാഭ്യാസ മേളയാണ് ദിശ. ഇന്ത്യയിലെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾ പ്രസ്തുത എക്സ്പോയിൽ പങ്കെടുക്കുന്നു.

2) MINI DISHA - ദിശയിൽ പങ്കെടുക്കാൻ സാധിക്കാത്ത കുട്ടികളിലേക്ക് ഉപരിപഠന തൊഴിൽ മേഖലകളിലെ സാധ്യതകളെക്കുറിച്ച് വ്യക്തമായ അറിവ് നൽകുന്നതും, ദിശയുടെ ഒരു മിനിയേച്ചർ രൂപവും വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ നടത്തുന്നതുമാണ് മിനിദിശ.

3) CAREER FM - വിദ്യാർത്ഥികൾക്ക് വ്യത്യസ്ത കോഴ്സുകളുടെയും, ഭാവി കരിയറിന്റെ ആവിർഭാവം, സമൂഹത്തിലെ പ്രീമിയർ സ്ഥാപനങ്ങളിലേക്ക് വിവിധ കോഴ്സുകൾക്കായി അപേക്ഷിക്കേണ്ട വിധം, വിവിധ സ്ഥാപനങ്ങളിലെ പ്ലേസ്മെന്റ് തുടങ്ങിയവയെക്കുറിച്ച് സ്കൂൾ തലത്തിൽ അവബോധം നൽകുന്നതിനായി ആരംഭിച്ച പദ്ധതിയാണ് കരിയർ എഫ്.എം. രണ്ട്-മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള ഓഡിയോ ക്ലിപ്പുകൾ തയ്യാറാക്കി സ്കൂളുകൾ വഴി കുട്ടികളെ കേൾപ്പിക്കാനുള്ള പദ്ധതിയാണിത്.

4) K-DAT - വിദ്യാർത്ഥികൾക്ക് തുടർപഠനവുമായും തൊഴിലുമായും ബന്ധപ്പെട്ടുള്ള അഭിരുചിയറിയുന്നതിനായി, പൊതുവിദ്യാഭ്യാസ വകുപ്പ് കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസിലിംഗ് സെൽ ഗവേഷണത്തിലൂടെ വികസിപ്പിച്ചെടുത്ത അഭിരുചി പരീക്ഷയാണിത്. 200 നോഡൽ സെന്ററുകൾ വഴി നടപ്പാക്കി വരുന്നു.

5) SCHOOL LEVEL ACTIVITIES - ഹയർ സെക്കന്ററി സ്കൂളുകളിൽ വിദ്യാർത്ഥികൾക്കായി കരിയർ പ്ലാനിംഗ്, കൊമേഴ്സ്, സയൻസ്, ഹ്യൂമാനിറ്റിസ് എന്നീ മേഖലകളിലെ തുടർ പഠന - തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്താനുള്ള ക്ലാസ്സുകൾ നൽകി വരുന്നു.

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ, ഡിപ്ലോമ പ്രോഗ്രാമുകൾ, തൊഴിൽ സാധ്യതയുള്ള ലാറ്ററൽ എൻട്രി ഓപ്ഷനുകൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി കരിയർ ഗൈഡൻസ് സെല്ലുകളുടെ നേതൃത്വത്തിൽ VOYAGE എന്ന പേരിൽ പ്രത്യേക സെമിനാർ സംഘടിപ്പിച്ചു വരുന്നു.

എസ്.സി/ എസ്.ടി/ ഒ.ബി.സി/ ഇ.ബി.സി/ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ (PMS), സംസ്ഥാന മെറിറ്റ് സ്കോളർഷിപ്പുകൾ, ഉന്നത വിദ്യാഭ്യാസ ഇ-ഗ്രാന്റ്സ്, വിവിധ ജനക്ഷേമ സ്കോളർഷിപ്പ് പദ്ധതികൾ എന്നിവയും കൃത്യമായി ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ